"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-സർക്കാരിനെ നേരിട്ട് അഭിസംബോധന ചെയ്യുവാനുള്ള ചുമതല നിയോജനം ചെയ്തു- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.530/2022/F&WLD തീയതി, തിരുവനന്തപുരം, 26-11-2022.

പരാമർശം:-
1. 07.08.2008 ലെ സ.ഉ.(എം.എസ്).നം.53/2008/വനം.
2. 17.06.2022 -ലെ റൂൾസ് -2/166/2021/ഉ.ഭ.പ.വ നമ്പർ സർക്കുലർ.
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ 26.10.2022 -ലെ എച്ച്.എഫ്1 -4771/2020 നമ്പർ കത്ത്.

**ഉത്തരവ്**

ഓഫീസ് നടപടി ഗ്രന്ഥത്തിലെ (Manual of Office Procedure) ഖണ്ഡിക 104 A-യിൽ വകുപ്പ് തലവന്മാർ മാത്രമേ സർക്കാരിനെ നേരിട്ട് സംബോധന ചെയ്യാൻ പാടുള്ളൂവെന്നു സ്പഷ്ടമാക്കിയിട്ടുണ്ട്. ഇതിന് വിരുദ്ധമായ രീതിയിൽ, വകുപ്പ് തലവന്മാർ അല്ലാത്ത ഉദ്യോഗസ്ഥർ സർക്കാരിനെ നേരിട്ട് സംബോധന ചെയ്യുന്ന പ്രവണത കണ്ടു വരുന്നുവെന്നും, ഇത് നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ലംഘനമായി നിരീക്ഷിക്കുന്നുവെന്നും, വകുപ്പുമേധാവികളോ ടി ചുമതല യഥാവിധിയുള്ള ഉത്തരവ് വഴി നിയോജനം ചെയ്തു നൽകിയിട്ടുള്ള ഉദ്യോഗസ്ഥർ ഒപ്പിടാത്ത റിപ്പോർട്ടുകൾ ശിപാർശകൾ, പരിഗണിക്കാൻ പാടില്ലായെന്നും പരാമർശം (2) - ലെ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

2). പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മനേജ്മെന്റ്), പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്), സ്പെഷ്യൽ ഓഫീസർ, റീ ബിൽഡ് കേരള ഡവലപ്മെന്റ് പ്രോഗ്രാം, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) , അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻ സ് & ഫോറസ്റ്റ് ഇന്റലിജൻസ്) , സി.ഇ.ഒ, കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് & പ്ലാനിങ് അതോറിറ്റി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ) എന്നീ വിംഗുകളിൽ നിന്നും സർക്കാരിനെ അഭിസംബോധന ചെയ്യേണ്ട സാഹചര്യം ഉണ്ടാകാറുണ്ടെന്നും, ടി തസ്തികകൾ കൂടാതെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്, ബി & എ), അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്, എൽ & ആർ), ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഇക്കോ ഡവലപ്മെന്റ് & ട്രൈബൽ വെൽഫെയർ), ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വർക്കിങ് പ്ലാൻ & റിസർച്ച്), ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഐ റ്റി) എന്നീ 5 തസ്തികകൾ കൂടി

അനന്യതയുള്ളവയാണെന്നും, ആയതിനാൽ മേൽ 14 തസ്തികയിലുള്ളവർക്ക് സർക്കാരിനെ നേരിട്ട് സംബോധന ചെയ്യുവാനുള്ള ചുമതല നിയോജനം ചെയ്തു നൽകാവുന്നതാണെന്നും പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ശുപാർശ സമർപ്പിച്ചിരുന്നു.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ& ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്- ന്റെ ശുപാർശ പരിഗണിച്ചു മേൽ 14 തസ്തികയിലുള്ളവർക്ക് സർക്കാരിനെ നേരിട്ട് സംബോധന ചെയ്യുവാനുള്ള ചുമതല, ചുവടെ ഖണ്ഡിക 4 ൽ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി, നിയോജനം ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

4). വനം വകുപ്പിലെ നയപരമായ വിഷയങ്ങൾ ഉൾപ്പെടെ എല്ലാ പ്രധാനപ്പെട്ട വിഷയങ്ങളും വനം വകുപ്പ് മേധാവി മുഖേന മാത്രം സർക്കാരിലേക്ക് അയക്കേണ്ടതാണ്. പി സി സി എഫ് & സ്പെഷ്യൽ ഓഫീസർ ( കിഫ്ബി , ആർ കെ ഡി പി ), എ പി സി സി എഫ് (വിജിലൻസ് ) എന്നിവർ ഒഴികെയുള്ളവർക്ക് ഈ നിർദ്ദേശം ബാധകമായിരിക്കും. പ്രൊജക്റ്റ് പ്രൊപ്പോസലുകൾ സർക്കാരിലേക്ക് സമർപ്പിക്കുന്നത് പി സി സി എഫ് & സ്പെഷ്യൽ ഓഫീസർ ( കിഫിബി , ആർ കെ ഡി പി ) ഉൾപ്പെടെ എല്ലാപേരും വനം വകുപ്പ് മേധാവി മുഖേന മാത്രമേ സർക്കാരിന് റിപ്പോർട്ടുകൾ നല്കാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (ഫോറസ്റ്റ് മനേജ്മെന്റ്).
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്).
സ്പെഷ്യൽ ഓഫീസർ, റീ ബിൽഡ് കേരള ഡവലപ്പമെന്റ് പ്രോഗ്രാം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി).
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം).
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ്).
സി.ഇ.ഒ, കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് & പ്ലാനിങ് അതോറിറ്റി.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ).
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്, ബി & എ).
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്, എൽ & ആർ).
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഇക്കോ ഡവലപ്പമെന്റ് & ട്രൈബൽ വെൽഫെയർ).

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വർക്കിങ് പ്ലാൻ & റിസർച്ച്).
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഐ റ്റി).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള,തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്.
വെബ്ബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Noushad S**
**Date: 26-11-2022 15:35:42**

സെക്ഷൻ ഓഫീസർ.

പകർപ്പ്
ബഹു വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് .
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്.
ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്.
ഡെപ്യൂട്ടി സെക്രട്ടറി/ അണ്ടർ സെക്രട്ടറി.
വനം വന്യജീവി വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.